തടവുകാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി

26 (*176)ശ്രീ. എൻ കണ്ണൻ :
ശ്രീ. എം. ദാസൻ :
ശ്രീമതി ജെ മെഴ്സിക്കുട്ടി അമ്മ :
ശ്രീ പി. കെ. കുമാരൻ :
ശ്രീ സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ എല്ലാ തടവുകാർക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) തടവുകാർക്ക് ഇപ്പോൾ ഏതെല്ലാം സൗകര്യങ്ങളാണ് ജയിലുക ളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ജയിലിലെ വിവിധ ജോലികളിലേർപ്പെട്ടിരിക്കുന്നവർക്ക് ഇപ്പോൾ നൽകി വരുന്ന കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ജയിൽ തടവുകാർക്ക് ഉപരിപഠനത്തിനുള്ള സൗകര്യം ഏർപ്പെ ടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ജയിലിലെ തടവുകാർക്ക് കായിക-വിനോദ ങ്ങൾക്കുള്ള സൗകര്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സർക്കാർ ഇക്കാര്യത്തിന്, ജയിൽ നവീകരണപദ്ധതി, തടവുകാ രുടെ ക്ഷേമപദ്ധതി, 10-ാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവ പ്രകാരം നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശ്രീ. ഉദയഭാനു കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. തടവുകാരുടെ വേതനം, വൈദ്യസഹായം, സാനിട്ടേ ഷൻ, പാചക സംവിധാനം എന്നിവ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പഴക്കമുള്ള ജയിൽ കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കുക, ആവശ്യാനുസരണം പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക, പഴയസാനിട്ടേഷൻ സംവിധാനം സ്വീകരിക്കുക, ജയിൽ അടുക്കളയിൽ അരയ്ക്കുന്നതിനും പൊടിക്കുന്നതിനുമായി വെറ്റ് ഗ്രൈൻഡറുകൾ സ്ഥാപി ക്കുക, ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, സെൻട്രൽ ജയിലുകളിലും, ജില്ലാ ജയിൽ, സ്പെഷ്യൽ സബ്ജയിൽ, തിരുവനന്തപുരം സബ് ജയിൽ എന്നിവിടങ്ങളിൽ ഗ്യാസ് അടുപ്പുകൾ സ്ഥാപിക്കുക എന്നിവ ചെയ്തിട്ടുണ്ട്. സെൻട്രൽ ജയിലിനോടനുബന്ധിച്ചുള്ള ജയിൽ ആശുപത്രി കൾ വികസിപ്പിക്കുകയും നവീകരിക്കുകയും കട്ടിൽ, കിടക്ക ഉൾപ്പെടെയുള്ള ആധുനിക ഗൃഹോപകരണങ്ങളും, ഓക്സിജൻ സിലിണ്ടർ, സർജി ക്കൽ/ഇ.സി.ജി. ഉപകരണങ്ങൾ എന്നിവ വാങ്ങുകയും ജയിലിനു വെളിയി ലുള്ള ആശുപത്രികളിൽ തടവുകാരെ ചികിത്സക്ക് കൊണ്ടു പോകുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നായി ആമ്പുലൻസ് സംവിധാനവും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുറന്ന ജയിലിലെ തടവുകാർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 10 കിടക്കകളുള്ള ഒരു ആശുപത്രി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ തടവുകാരുടെ പുനരധിവാസവും സ്വഭാവ നവീകരണ മാക്കി നിരവധി തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനം നൽകുന്ന തോടൊപ്പം മാനസികോത്സാഹത്തിനായി കലാകായികമേളയും സംഘടി പ്പിച്ചു വരുന്നു. പഠിക്കുവാൻ താല്പര്യമുള്ള തടവുകാർക്ക് പഠനസൗകര്യം ലഭ്യമാണ്. വിജ്ഞാനപ്രദമായ പുസ്തകങ്ങൾ ഉൾപ്പെടെയുള്ള ലൈബ്രറികൾ എല്ലാ ജയിലുകളിലുമുണ്ട്.

(സി) തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു വേജ് ഫിക്സേഷൻ ബോഡി' സർക്കാർ രൂപീക രിച്ചു. ടി സമിതി അതിന്റെ ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളനുസരിച്ചുള്ള പുതുക്കിയ നിരക്കിൽ തടവുകാരുടെ ജോലിക്കാനുപാതികമായി വേതന വർദ്ധനവ് നൽകുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഉപരിപഠനത്തിന് താല്പര്യമുള്ള തടവുകാർക്ക് ജയിലിൽ പഠിക്കുന്നതിനുള്ള സൗകര്യങ്ങളും പരീക്ഷ എഴുതുന്നതിനുള്ള സൗകര്യ ങ്ങളും നല്കിവരുന്നുണ്ട്.

(ഇ) ജയിലുകളിൽ കായിക വിനോദത്തിനായി വോളിബോൾ, ബാഡ്മിന്റൻ, ഷട്ടിൽ, ലോംഗ്ജമ്പ്, ഹൈജമ്പ്, ട്രിപ്പിൾ ജമ്പ്, ഷോട്ട്പുട്ട്, ജാവലിൻ ത്രോ, ഡിസ്ക്കസ്ത്രോ, കബഡി, ഓട്ടം, മുതലായവയിൽ പരിശീലനം നടത്തുന്നതോടൊപ്പം ജയിൽ ദിനാഘോഷത്തോടനുബന്ധിച്ച് കലാകായിക മേള സംഘടിപ്പിക്കുന്നു. കൂടാതെ ജയിലുകളിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനും പുറമെ 'യോഗാ പരിശീലനവും' നൽകുന്നുണ്ട്.

സർക്കാർ ഓഫീസുകളിൽ സമയനിഷ്ഠ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത

27 (*177)ശ്രീ തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ സമയനിഷ്ഠ ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കു ന്നുണ്ടോ;

(ഡി) എങ്കിൽ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly